**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3089** **13-07-2022 - ൽ മറുപടിയ്ക്ക്**

**ഹരിപ്പാട് മണ്ഡലത്തിലെ കൊട്ടുന്താർ മേൽപ്പാടം പാലത്തിന്റെ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ രമേശ് ചെന്നിത്തല | | ശ്രീ. പി.എ.മുഹമ്മദ് റിയാസ് (പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ഹരിപ്പാട് മണ്ഡലത്തിലെ പള്ളിപ്പാട് പഞ്ചായത്തിൽ നിർമ്മിക്കുന്നതിന് ഭരണാനുമതി ലഭിച്ചിട്ടുള്ള കൊട്ടുന്താർ മേൽപ്പാടം പാലത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാത്തതിന്റെ കാരണം അറിയിക്കാമോ; | (എ) | ഹരിപ്പാട് മണ്ഡലത്തിലെ കൊട്ടുന്താർ മേൽപ്പാടം പാലം പ്രവർത്തിക്കായി 04-05-2017 തീയതിയിലെ GO(Rt).No. 942/2017/PWD സർക്കാർ ഉത്തരവ് പ്രകാരം 30 കോടി രൂപയുടെ തത്വത്തിലുള്ള ഭരണാനുമതി നൽകിയിട്ടുള്ളതാണ്. പദ്ധതിയുടെ ഡിപിആർ 03-07-2019 തീയതിയിൽ കിഫ്ബിയിൽ സമർപ്പിക്കുകയും ഡി പി ആർ പരിശോധനയുടെ ഭാഗമായി ടെക്നിക്കൽ അപ്രൈസൽ റിപ്പോർട്ട് കിഫ്ബി നല്കിയിട്ടുള്ളതുമാണ്. കിഫ്ബിയുടെ നിർദേശ പ്രകാരം, ആവശ്യമായ അധിക മണ്ണു പരിശോധന നടത്തി പുതുക്കിയ ഡിപിആർ തയ്യാറാക്കുന്നതിനായി 31.05.2022 തീയതിയിൽ ചീഫ് എഞ്ചിനീയർ, ഡിസൈൻ വിഭാഗത്തിന് കത്ത് നൽകിയിട്ടുണ്ട്. തുടർന്ന് അപ്രോച്ച് റോഡ് നിർമ്മാണം സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുന്നതിനായി 04-07-2022 തീയതിയിൽ ഡിസൈൻ വിഭാഗത്തിൽ നിന്നും അറിയിപ്പ് ലഭിച്ചിട്ടുണ്ട്. ആയതിന്മേൽ തുടർനടപടി സ്വീകരിക്കുന്നതാണ് എന്ന് KRFB അറിയിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ; ഇതിന്റെ ഭാഗമായി എന്തെല്ലാം നടപടിക്രമങ്ങൾ പൂർത്തീകരിക്കാനുണ്ടെന്ന് അറിയിക്കാമോ; | (ബി) | (എ) പിരിവിന്റെ അതേ മറുപടി. |
| (സി) | പ്രസ്തുത പ്രവൃത്തിയുടെ നിർവ്വഹണത്തിൽ കാലതാമസം വരാനിടയായ സാഹചര്യവും കാരണങ്ങളും പരിശോധിക്കുന്നതിനും പരിഹരിക്കുന്നതിനും ഇതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ അടിയന്തരമായി ആരംഭിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ? | (സി) | പുതുക്കിയ ഡി പി ആർ ലഭ്യമാക്കി, സാമ്പത്തികാനുമതി ലഭിയ്ക്കുന്നതിനായി കിഫ്ബിയിൽ സമർപ്പിക്കുന്നതാണ്. കിഫ്ബിയുടെ അനുമതി ലഭ്യമാകുന്ന മുറയ്ക്ക് സാങ്കേതികാനുമതി നൽകി ടെൻഡർ നടപടിക്രമങ്ങൾ പൂർത്തിയാക്കി നിർമ്മാണ പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ